"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - അമരമ്പലം, സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ് **1099** ന് എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**284/2025/Co-Op** തീയതി,തിരുവനന്തപുരം, **13-06-2025**

---

പരാമർശം:-

1. **21/06/2016**ലെ **NCDC59-6/2015(TVM)/193/SA50134/1202** നമ്പർ കത്ത്
2. സ.ഉ.(സാധാ)നം.**581/2016**/സഹ തീയതി **18/11/2016**
3. സ.ഉ.(സാധാ)നം.**162/2024**/സഹ തീയതി **22/03/2024**
4. സർക്കുലർ നം.**35/2024**/ധന തീയതി **12/06/2024**
5. **11/07/2024** ലെ എൻ.സി.ഡി.സി യുടെ **59/6/2015**(റ്റി.വി.എം) നം.കത്ത്
6. സ.ഉ.(സാധാ)നം.**154/2025**/സഹ തീയതി **20/03/2025**
7. സഹകരണ സംഘം രജിസ്ട്രാറുടെ **20/05/2025** ലെ പി&എംഎ(**3**)**12043/2024** നം. കത്ത്
8. സ.ഉ.(സാധാ)നം.**280/2025**/സഹ തീയതി **12/06/2025**

**ഉത്തരവ്**

അമരമ്പലം, സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ് **1099** ന് ഹെഡ് ആഫീസ് ബ്രാഞ്ച് വിപുലീകരണത്തിനും ഉപ്പുവള്ളി ബ്രാഞ്ച് നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള എൻ.സി.ഡി.സി. ധനസഹായമായി **48.55** ലക്ഷം രൂപ (ഓഹരി - **20.00** ലക്ഷം രൂപ, വായ്പ - **28.55** ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (**1**) കത്ത് പ്രകാരം

എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 17.14 ലക്ഷം രൂപ (ഓഹരി - 10.00 ലക്ഷം വായ്പ - 7.14 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരവും രണ്ടാം ഗഡുവായി 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) [ഓഹരി (ശീർഷകം - 4425-108-42-34-3) - 10.00 ലക്ഷം രൂപ, വായ്പ (ശീർഷകം 6425-108-19) - 21.41 ലക്ഷം രൂപ] 2023-2024 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരവും അനുമതി നല്കിയിരുന്നു. എന്നാൽ രണ്ടാം ഗഡുവായ 31.41 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം ഭരണാനുമതി പുതുക്കി നല്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ടി തുക റിലീസ് ചെയ്യാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (8) പ്രകാരം ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ, അമരമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. എഫ് 1099 ന് അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 31.41 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരം രൂപ മാത്രം) [ഓഹരി (ശീർഷകം - 4425-108-42-34-3) - 10.00 ലക്ഷം രൂപ, വായ്പ (ശീർഷകം 6425-108-19) - 21.41 ലക്ഷം രൂപ] 2025-26 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽ തുക, പരാമർശം (4) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,

തിരുവനന്തപുരം.

റീജിയണൽ ഡയറക്ടർ, എൻ.സി.ഡി.സി., തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/145/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/111/2024/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 13-06-2025 10:33:50

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.